**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കൊയിലാണ്ടി നഗരസഭ – മലബാർ ചലച്ചിത്രോത്സവം 2016 ന്റെ സംഘാടന ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്നും സംഭാവന – യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.)നം.2127/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി, 15.07.2016

---

പരാമർശം:- കൊയിലാണ്ടി നഗരസഭാസെക്രട്ടറിയുടെ 25.02.2016 ലെ ജി3-1973/16 നമ്പർ കത്ത്.

**ഉത്തരവ്**

കൊയിലാണ്ടി നഗരസഭാ പരിധിയിൽ വെച്ച് ആദിഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന മലബാർ ചലച്ചിത്രോത്സവം 2016 മാർച്ച് 18 മുതൽ 20 വരെ നടക്കുന്നതായും ആയതിന്റെ സംഘാടക ചെലവുകൾക്ക് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം കത്തുപ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൊയിലാണ്ടി നഗരസഭാ പരിധിയിൽ വെച്ച് ആദിഫൗണ്ടേഷൻ 2016 മാർച്ച് 18 മുതൽ 20 വരെ നടത്തിയ മലബാർ ചലച്ചിത്രോത്സവത്തിന്റെ നടത്തിപ്പ് ചെലവുകൾക്കായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും കൗൺസിൽ തീരുമാനത്തിനു വിധേയമായി പരമാവധി 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപ വരെ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

കൊയിലാണ്ടി നഗരസഭ, ആദി ഫൗണ്ടേഷനിൽ നിന്നും വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലുള്ള ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സുനിൽകുമാർ എസ്.ഡി.
ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ/സെക്രട്ടറി, കൊയിലാണ്ടി നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം.തിരുവനന്തപുരം. (വെബ്സൈറ്റിൽപ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.